**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 115** **29/09/2016 ൽ മറുപടി**

## പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. കാരാട്ട് റസാഖ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് അധ്യയന വർഷം പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ കാരണമെന്താണെന്നും ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന വൈഷമ്യം ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. ചില സ്കൂളുകൾ യഥാസമയം ഇൻഡന്റ് ചെയ്യുന്നില്ലെന്നതും സൈറ്റിൽ അവ രേഖപ്പെടുത്തിയോ എന്ന കാര്യം പരിശോധിക്കാതിരുന്നതും പല സ്കൂളുകളും ഇൻഡന്റ് ചെയ്തതിലും കൂടുതൽ പുസ്തകങ്ങൾ ആവശ്യപ്പെട്ടതും 2016-17 അധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തെ പ്രതികൂലമായി ബാധിച്ചു. 26/07/2016, 27/07/2016 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനത്തെ എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ. മാരുടേയും ശിൽപ്പശാലയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ കൈവശമുള്ള പുസ്തകങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ ആവശ്യമില്ലാതെ പല കേന്ദ്രങ്ങളിലും പുസ്തകങ്ങൾ വിതരണം ചെയ്തതായും അവ അവിടെ സൂക്ഷിച്ചിരിക്കുന്നതായും ചില സ്ഥലങ്ങളിൽ കുറവുള്ളതായും കണ്ടെത്തിയതിൻ പ്രകാരം മുഴുവൻ ഡി.ഡി.ഇ. മാരുടേയും കൈവശമുള്ള അധികമുള്ള പുസ്തകങ്ങൾ ജില്ലയിൽ ഒരിടത്ത് ശേഖരിച്ചുവയ്ക്കുവാനും അവർ നൽകിയ എക്സസ്/ഷോർട്ടേജ് ലിസ്റ്റ് പ്രകാരം പുസ്തകങ്ങൾ മറ്റ് ഡി.ഡി.ഇ.മാർക്ക് റീ-അറേഞ്ച്മെന്റ് നടത്തി നൽകുന്നതിനായി 14 റവന്യൂ ജില്ലകളെ 3 മേഖലകളായി തിരിച്ച് അധികമുള്ളവ ശേഖരിച്ച് വയ്ക്കുകയും ആവശ്യമുള്ളവ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ഇൻഡന്റ് നൽകിയതിൽ 1,88,159 പുസ്തകങ്ങൾ കെ.ബി.പി.എസ്. വിതരണം നടത്താതിരുന്നതും കുറവായി കണ്ടെത്തിയ 64,003 പുസ്തകങ്ങളും കഴിഞ്ഞ അധ്യയന വർഷം കെ.ബി.പി.എസ്. ബാലൻസ് സ്റ്റോക്കെടുക്കുന്നതിൽ പിഴവ് |

| | | | |
|---|---|---|---|
| | | | സംഭവിച്ചതുമൂലം കുറവായ എട്ടാം ക്ലാസ്സിലെ ബേസിക് സയൻസ് (ഇംഗ്ലീഷ് മീഡിയം) 13,868 മാത്തമാറ്റിക്സ് (ഇംഗ്ലീഷ്) 16,000 എന്നിവയടക്കം 94,934 എണ്ണം അടിയന്തിരമായി റീപ്രിന്റ് ചെയ്ത് വിതരണം നടത്തുകയും ചെയ്തതോടുകൂടി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുവാനും പാഠപുസ്തകങ്ങൾ ലഭിക്കാതെ വന്ന വൈഷമ്യം ഇല്ലാതാക്കുവാനും സാധിച്ചു. |
| (ബി) | അടുത്ത അധ്യയന വർഷം മുതൽ സ്കൂൾ തുറക്കുന്നതിന് മുൻപ് തന്നെ പാഠപുസ്തകങ്ങൾ ലഭിക്കുമെന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 അധ്യയന വർഷത്തിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ 3 വാല്യങ്ങളാക്കി ആകെ 511 ടൈറ്റിലുകളാണ് ഉള്ളത്. 1 മുതൽ 7 വരെ ക്ലാസ്സുകളിലെ ടൈറ്റിൽ മൊഡ്യൂൾ വാല്യങ്ങളാക്കി തിരിച്ച് പ്രിന്റിംഗിനായി നൽകിക്കഴിഞ്ഞു. അതോടൊപ്പം 2016-17 ലെ 1 മുതൽ 9 വരെ ക്ലാസ്സുകളിലെ ആറാം സാദ്ധ്യായ ദിവസത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ 50% എന്ന അടിസ്ഥാനത്തിൽ ആകെ 3,94,64,200 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനു വേണ്ടി ടെൻടേറ്റീവ് പ്രിന്റ് ഓർഡർ നൽകുകയും അന്തിമ പ്രിന്റ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പാഠപുസ്തക അച്ചടി ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അത് മോണിറ്റർ ചെയ്യാനാവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കാമോ? | (സി) | എറണാകുളം കാക്കനാട് പ്രവർത്തിക്കുന്ന കെ.ബി.പി.എസ്. എന്ന സ്വയംഭരണ സ്ഥാപനത്തിനാണ് പാഠപുസ്തക അച്ചടിയുടെ അനുമതി നൽകിയിട്ടുള്ളത്. അച്ചടിയുടെ തുടർ നടപടികൾ മോണിറ്റർ ചെയ്യുന്നതിന് പാഠപുസ്തക ഓഫീസർ/പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ അടക്കം 7 അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ